# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3560** **22/08/2017-ൽ മറുപടിക്ക്**

## ജി.എസ്.റ്റി. യും മരുന്ന് ക്ഷാമവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, വി.എസ്.ശിവകുമാർ**<br>**,, അൻവർ സാദത്ത്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) ജി.എസ്.റ്റി. നിലവിൽ വന്നതോടുകൂടി ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾക്ക് സംസ്ഥാനത്ത് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ജി.എസ്.റ്റി. ഏർപ്പെടുത്തിയത് മൂലം വിപണിയിൽ മരുന്നിന് വിലക്കുറവ് ഉണ്ടായിട്ടുണ്ടോ; | ബി) കേരള സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഭൂരിഭാഗം മരുന്നുകളും അന്യ-സംസ്ഥാനങ്ങളിൽ നിർമ്മിക്കപ്പെടുന്നവയാണ്. 01/07/2017-ന് ശേഷം നിർമ്മിച്ച മരുന്നുകൾ വിപണിയിൽ പൂർണ്ണമായി എത്തിയാൽ മാത്രമേ വിലയിലുണ്ടായ വ്യതിയാനത്തെക്കുറിച്ച് വ്യക്തത വരികയുള്ളു. എന്നിരുന്നാലും ജി.എസ്.റ്റി. പ്രാബല്യത്തിൽ വന്നതോട് കൂടി ദേശീയ ഔഷധ വില നിയന്ത്രണ സമിതി (എൻ.പി.പി.എ) വില നിശ്ചയിച്ചിട്ടുള്ള വില നിയന്ത്രണ പട്ടികയിലുള്ള ഭൂരിഭാഗം മരുന്നുകൾക്കും വില കുറഞ്ഞിട്ടുണ്ട്. |
| സി) മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനും, അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ തലത്തിൽ ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വിശദമാക്കാമോ? | സി) ജി.എസ്.റ്റി പ്രാബല്യത്തിൽ വരുന്നതുമായി ബന്ധപ്പെട്ട് മരുന്ന് ക്ഷാമം ഉണ്ടാകാതിരിക്കുവാൻ എല്ലാ മരുന്ന് നിർമ്മാതാക്കളുടെയും/ വിതരണക്കാരുടെയും ഡിപ്പോകളിലും/ഗോഡൗണുകളിലും, മൊത്ത വ്യാപാരികളുടെ പക്കലും ആവശ്യത്തിന് മരുന്നുകളുടെ സ്റ്റോക്ക് ഉണ്ടെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിച്ച് ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ മരുന്ന് നിർമ്മാതാക്കളുടെയും, മൊത്ത/ചില്ലറ വ്യാപാരികളുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ചേർക്കുകയും, ജി.എസ്.റ്റി നടപ്പിൽ വരുന്നതുമായി ബന്ധപ്പെട്ടുണ്ടായ ആശയക്കുഴപ്പങ്ങൾ ചർച്ചചെയ്ത് പരിഹരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ